LIBRARY ARCHIVES Kerala Legislative Assembly

2001 മാർച്ചിലെ പൊതുകടം

17 [195] *ശ്രീ. പി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മാർച്ച് മാസത്തിൽ സർക്കാരിന് ഉണ്ടായിരുന്ന പൊതുകടം എത്ര രൂപയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) 2005 ജൂൺ 22 അടിസ്ഥാനമാക്കി സർക്കാരിന്റെ പൊതുകടം എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 31-3-2001-ൽ സംസ്ഥാന സർക്കാരിന്റെ പൊതുകടം 23919 കോടി രൂപ ആയിരുന്നു.

(ബി) 30-4-2005-ലെ മൊത്തം പൊതുകടം 47588.60 കോടി രൂപയാണ്

സംസ്ഥാനത്തിന്റെ പൊതുകടം

18 [196] *ശ്രീ. പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതുകടം ഇപ്പോൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം വിദേശ ഏജൻസികളിൽ നിന്നും എത്ര തുക വീതം സർക്കാരിന് വായ്പയായി ലഭിച്ചിട്ടുണ്ട്.

(സി) ഇതിൽ 2004-05 വർഷം എത്ര തുക തിരികെ അടച്ചു; ഇതിൽ പലിശ തുക എത്ര;

(ഡി) 2005-06-ൽ എത്ര തുക തിരിച്ചടയ്ക്കണം; ഇതിൽ പലിശയായി അടയ്ക്കേണ്ട തുക എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 30-4-2005-ലെ മൊത്തം പൊതുകടം 42588.60 കോടി രൂപയാണെന്ന് താല്ക്കാലിക കണക്കുകൾ കാണിക്കുന്നു.

(ബി) സംസ്ഥാന സർക്കാർ വിദേശ ഏജൻസികളിൽ നിന്നും നേരിട്ട് കടമെടുക്കാറില്ല. വിദേശ സഹായം കേന്ദ്ര സർക്കാർ വഴി വിദേശ സഹായ പദ്ധതികൾക്കായിട്ടുള്ള അധിക കേന്ദ്ര സഹായമായിട്ടാണ് ലഭിക്കാറുള്ളത്.

(സി) & (ഡി) ബിയുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

സംസ്ഥാനത്തിന്റെ കടബാധ്യതയിലുണ്ടായ വർദ്ധന

19 [197] *ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മെയ് മാസത്തിൽ യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ കടബാധ്യത എത്രയായിരുന്നുവെന്നും ഇപ്പോഴത്തെ മൊത്തം കടബാധ്യത എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) ഇക്കാലയളവിൽ സർക്കാരിന്റെ കടത്തിൽ എത്ര രൂപയുടെ വർദ്ധനവാണ് ഉണ്ടായതെന്നും 1996-2001 കാലത്തെ എൽ. ഡി. എഫ്. സർക്കാരിന്റെ കാലത്ത് കടബാധ്യതയിൽ എത്ര രൂപയുടെ വർദ്ധനവ് ഉണ്ടായെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 31-3-2001-ൽ പൊതുകടം 23919 കോടി രൂപയായിരുന്നു. 30-4-2005-ലെ മൊത്തം പൊതുകടം 42588.60 കോടി രൂപയാണ്.

(ബി) 31-3-2001-ന് ശേഷം സംസ്ഥാനത്തിന്റെ പൊതുകടത്തിൽ 18669.60 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 1996-2001 കാലയളവിൽ പൊതുകടത്തിൽ 13805.46 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly